**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4396** **01-07-2024 - ൽ മറുപടിയ്ക്ക്**

**മെഡിസെപ് പദ്ധതിയിൽ കൂടുതൽ ആശുപത്രികളെ എംപാനൽ ചെയ്യാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മെഡിസെപ് പദ്ധതിയിൽ കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്യുന്നതിനും പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ? | (എ) | **23.06.2022 ലെ ജി ഒ (പി) നം.70/2022/ധന സർക്കാർ ഉത്തരവ് പ്രകാരം 01.07.2022 ൽ നിലവിൽ വന്ന സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയാണ് മെഡിസെപ്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി സർക്കാർ ഒപ്പുവച്ച ധാരണാ പത്രം (MoU) പ്രകാരം പദ്ധതിയിൽ ആശുപത്രികളെ എംപാനൽ ചെയ്യുന്നത് ഇൻഷ്വറൻസ് കമ്പനിയാണ്. കൂടാതെ എംപാനൽമെന്റ് ഒരു തുടർപ്രക്രിയയുമാണ്. മെഡിസെപ് പദ്ധതിയിൽ കൂടുതൽ സ്പെഷ്യാലിറ്റി, സൂപ്പർ സ്പെഷ്യാലിറ്റി, സ്വകാര്യ ആശുപത്രികളെ എംപാനൽ ചെയ്ത് പദ്ധതിയുടെ പരിധിയിൽ കൊണ്ടുവരുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ അവലോകനയോഗങ്ങളിൽ കമ്പനിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ